

Issue 04/March 2020

# MEMON BOLI

Proudly presented by

CUTCHI LANGUAGE TUTORIALS

| | |
|---|---|
| **Mr Riaz Ahmed** | Patron of Memon Boli |
| **Manzoor Ebrahim,**<br>**Ansar Shakoor**<br>**Rafeeq Seelat** | Editorial Board |
| **Cover Page** | Building adjacent to Aina Mahal - Bhuj– By Ansar Shakoor |

## വായനക്കാരുടെ അഭിപ്രായം—LETTERS TO EDITOR

Assalamu Alaikum , I really enjoyed reading this issue. - **Arfaz Iqbal**

**EASA SAIT**

The cover picture was fantastic with the painting of the mythical travel in magic carpet set in Arabian Nights stories.. Kudos to Miss Naeema Raashid.

- Editorial on Divorce and Easy-quitting habit prevalent in present day youth was inspiring and apt.
- Reminiscences of Janab Mansoor Ebrahim about yesteryear Kochi were nostalgic and beautiful.
- The interview with Janab Rasheed Usman Sait by Ansar Shakoor was exalting. It gave us a peep into one of the golden eras of Cutchi Memon Community of Kochi and the contributions and involvement of him.

- മർഹൂം സാലെ മുഹമ്മദ് സേട്ട്(സലിം സേട്ട്) - നെക്കുറിച്ചു ഇക്ബാൽ സക്കറിയ സേട്ട് തയാറാക്കിയ അനുസ്മരണക്കുറിപ്പ് ഏറെ ഹ്രുദ്യമായി. എനിക്ക് പ്രത്യേകിച്ചും അത് വായിക്കുമ്പോൾ സന്തോഷം തോന്നി. കാരണം, അത് എന്റെ ഫോപ്പ ആയത് കൊണ്ടാവും....എന്റെ ചെറുപ്പകാലത്ത്, യൂറോപ്യൻ സ്റ്റയ്‌ലിൽ വരുന്ന സലിം ഫൊപ്പാ ഞങ്ങൾക്കൊക്കെ വിസ്മയവും ഉം role model ആയിരുന്നു.

-ജനാബ് ആദം അയ്യൂബിന്റെ 'സിനിമയിലെ വർണവെറിയെ' സംബന്ധിച്ച ലേഖനം ഏറെ ശ്രദ്ധേയമായിരുന്നു.
കാലിക വിഷയങ്ങളെ ആധാരമാക്കിയുള്ള അദ്ദേഹത്തിന്റെ ഓരോ ലേഖനങ്ങളും ചിന്തോദ്ദീപങ്ങളാണു.

-J. M. ഇബ്രാഹിം സേട്ടിന്റെ "പടിപ്പുര" എന്ന കഥയും
Mrs. ഹാജിറാബായിയുടെ "സമ്പത്ത്" എന്ന മിനിക്കഥയും ഹൃദ്യമായിട്ടുണ്ട്.

- സജ് ന ഷെബി, റസിയ ഹുസ്സയ്ൻ എന്നിവരുടെ കവിതകകൾ ശ്രദ്ധേയമാമാണു. അവ രണ്ടും സഹൃദയ മനസ്സിൽ തറക്കുന്നവയാണു. ഭാവുകത്വത്തിന്റെ മിന്നലാട്ടം രണ്ടിലും കാണാം.

==============================



# Contents


Page –2 വായനക്കാരുടെ അഭിപ്രായം—LETTERS TO EDITOR

Page - 4 Editorial " Kutch Tour and Bhuj Jamath" - Ansar Shakoor

Page - 5 കച്ചീ ഭാഷാ സഹായി - Kutchi Tuition
By Manzoor Ebrahim

Page - 6 കൊച്ചി ഫുട്ബോളിന്റെ ഇതിഹാസം -
The first National Soccer Player of our community -
By Rafeeq Seelat

Page - 9 "Face To Face With Mr. Wazeem Nishad" - Interview
Ansar Shakoor

Page - 11 മർഹൂം ഹാജി എം ഹുസൈൻ സേട്ട് ഒരു അനുസ്മരണം.
Thoughts of a daughter - Razia Hussain

Page - 14 എന്റെ പ്രിയപ്പെട്ട മട്ടാഞ്ചേരി - Nostaligia - By Adam Ayub

Page -17 മുഹമ്മദ് ജാഫർ ഹസ്സൻ സേട്ട് എന്ന മനുഷ്യ സ്നേഹി
Tribute to a humanist—By Harris Sait - Alleppey

Page - 18 "Jaane Kya Tune Kahi - Kutchi song By - J.M. Ibrahim Sait

Page - 19 മകൻ Short Story, By - By Mrs. Hajira Bai

Page - 22 "Paintings" BY Aaza Luqman, Naeema Raashid, Namra Raashid

Page - 23 How Does Education Fare In The World Of Today?
Thought of an youngster - Mohammed Aftab

Page - 25 "The Bhandhini" - Cultural Dress - Dr. J.M.I. Sait PhD

Page - 27 Serendipity and Kismet - An Experience
BY Akber Ayub

Page - 29 "The Wakeup Call" A thoughtful Artice
By - Danish Saleem Sait

Page - 31 "Boost Your Children's Self Esteem" Child Care By
By - Aalia Zakir

Page - 32 "What Is Islam" - A Religious Thought
By Janab Mohamed Hassan Easa Sait

Page - 34 "Community News" - Kochi & Trivandrum

Page - 35 "Phoolwari School" 36th Annual Day Celebration News

Page - 36 പിന്നാമ്പുറം - The Last Page - "ഗുണങ്ങൾ കാണുക, ദോഷങ്ങൾ മറക്കുക." ജനാബ് അഹമ്മദ് ഉസ്മാൻ സേട്ട് എഴുതിയ ലേഖനത്തിന്റെ പുനർനിർമ്മാണം - BY Riaz Ahmed

# Editor's Note

## <u>"Kutch Tour & Bhuj Jamath"</u> Ansar Shakoor

Cutchi Language Tutorials organised a Kutch tour in the 1st week of February, from the 4th to the 9th of the month. I think it was the first tour of Kutch in a group from Kochi. CLT members can be proud that we did it without any kind of prior experience, Alhamdulillah,…

We thank Mr.S.M.Junaid Sait for ingraining in us the seed of desire for such a tour.

It was an opportunity for many of us to visit our ancestral place and take a peek into the past. The Past that was buried deep in time, and the marks were removed by the earthquake. What we saw on our trip was the people of the present engaged in the struggle for their existence.

And yet, we all eagerly looked around for a familiarity of some sort that connected us to this city.

Though we couldn't particularly identify any place to say "They" came from here, I heard many saying that, "They" might have walked through this barren lands lying afar, as we made our way through the land of our ancestors…

Finally one day our tour took us to one small village, where amongst all our touristy shopping we heard our language - exactly as we speak. It was a moment of excitement. We kept talking and engaging with them over and over again to hear our language being spoken by the people of Kutch. Extremely similar to the way as we speak. … We all were sure, "They" would've, definitely might have come from here.?

Bhuj, is the center of the federation of 22 *Jamaths* in Kutch. Bhuj, Mandvi, Mundra, Naliya, Kothara, Vdadiya, Goyalmokhera, Memonvand, Pandhro, Mindiyari, Fulra, Gadsisa, Kodey, Shirva, Bharaper, Dahisra, Gagoder, Godhera, Kisanper, Basvav, and Khrakuva. All these *Jamaths* work closely together, helping each other and developing a strong bond between them. They conduct mass marriage every year which reduces the burden of marriage expenses. Their income is the rent from the shops, donations and the rent from the *Jamath khana* they give for functions to the memons and non-memons alike. They informed us that their *Jamath* is, Alhamdulillah, financially well to do and self reliant. (Some among us jokingly said before going that they may ask us for financial help - this was far from the truth).

Another thing I noticed is the youg blood in the *Jamath*. They told us, after the earthquake the old members of the *Jamath* all moved out paving the way for youngsters to come forward. The professionals and the youngsters re-built it. Most of the committee members who came to greet us were between the age of 25 to 35. Their treasurer is a CA.

Experiences of this trip is a treasure I will cherish all my life. Insha Allah, I will share some of those in the future.

In Kerala we got *Jamaths* at different places, can't we think about a federation of these *Jamaths*? In unity lies the power.…



Bhuj Jamath President Mr.Hanif Yunush Bai Isani, briefing us their Jamath activities.



The "Young Turks" of Bhuj Jamath, greeting us.

# കച്ചീ ഭാഷാ സഹായി — Manzoor Ebrahim



കച്ചീ ഭാഷ ലിപിയില്ലാത്ത ഒരു ഭാഷയാണെന്ന് എല്ലാവർക്കും അറിയാം. ഇതുമൂലം പ്രാദേശിക ഭാഷകളുടെ സ്വാധീനം ഈ ഭാഷയുടെ പ്രയോഗത്തിൽ വല്ലാതെ ബാധിച്ചിട്ടു ്. നമ്മുടെ കൊച്ചു കേരളത്തിൽ തന്നെ വിവിധ പ്രദേശങ്ങളിലെ കച്ചീ ഭാഷാ പ്രയോഗം വ്യത്യസ്ഥമാണ്. ഈ പോരായ്മകൾ കണക്കിലെടുത്തു കൊ ാണ് ഈ ഭാഷാ സഹായി തയ്യാറാക്കിയിരിക്കുന്നത്. മേമൻ ബോലിയുടെ ഇനിയുള്ള ലക്കങ്ങളിൽ കച്ചീ ഭാഷയുടെ പ്രയോഗങ്ങളെക്കുറിച്ച് ഒരു പരമ്പര പ്രസിദ്ധീകരിക്കുന്നതാണ്.

ആദ്യത്തെ അദ്ധ്യായത്തിൽ മനുഷ്യബന്ധങ്ങളെക്കുറിച്ചാണ് പ്രതിപാദിക്കാൻ ശ്രമിക്കുന്നത്. മനുഷ്യൻ ഒരു സമൂഹജീവിയാണ്. സമൂഹത്തിൽ അവന്റെ ജനനം മുതൽ മരണം വരെയുള്ള ഘട്ടങ്ങളിൽ പലരുമായി ബന്ധം ഉ ാകും. അപ്രകാരമുള്ള ബന്ധുക്കളെ കച്ചീ ഭാഷയിൽ എങ്ങിനെയാണ് സംബോധനം ചെയ്യേ തെന്ന് നമുക്ക് നോക്കാം.

1. മാഡു = ആൾ, മനുഷ്യൻ
2. മാ = ഉമ്മ, അമ്മ
3. പേ = വാപ്പ, അച്ഛൻ
4. ബാ = സഹോദരൻ
5. ബേൻ = സഹോദരി
6. ചാച്ച = വാപ്പയുടെ സഹോദരൻ
7. ചാച്ചി = ചാച്ചായുടെ ഭാര്യ
8. മാമ = ഉമ്മയുടെ സഹോദരൻ
9. മാമി = മാമയുടെ ഭാര്യ
10. മാസി = ഉമ്മയുടെ സഹോദരി
11. ഫൊപ്പു= വാപ്പയുടെ സഹോദരി
12. ഫൊപ്പ = ഫൊപ്പുവിന്റെ ഭർത്താവ്
13. ഡാഡാ = വാപ്പയുടെ വാപ്പ
14. ഡാഡി = വാപ്പയുടെ ഉമ്മ
15. നാനാ = ഉമ്മയുടെ വാപ്പ
16. നാനി = ഉമ്മയുടെ ഉമ്മ
17. പൊത്തർ = മകൻ
18. ദീ = മകൾ
19. നോ = മകന്റെ ഭാര്യ
20. ജമായ് = മകളുടെ ഭർത്താവ്
21. ബൈഡി = ഭാര്യ
22. ധനി = ഭർത്താവ്
23. സസ്സ് = ഭർത്താവിന്റെ/ഭാര്യയുടെ ഉമ്മ
24. സോറോ = ഭർത്താവിന്റെ/ ഭാര്യയുടെ വാപ്പ
25. നെറാൻ = ഭർത്താവിന്റെ സഹോദരി/ സഹോദരന്റെ ഭാര്യ
26. പോത്രോ = മകന്റെ മകൻ
27. പോത്രീ = മകന്റെ മകൾ
28. ഡോയിത്രോ = മകളുടെ മകൻ
29. ഡോയിത്രീ = മകളുടെ മകൾ
30. സാൽ = അളിയൻ
31. സാലി = ഭാര്യയുടെ സഹോദരി
32. ബേണിയോ = സഹോദരി ഭർത്താവ്
33. ഡേർ = ഭർത്താവിന്റെ സഹോദരൻ
34. ഡേറാണി = ഭർത്താവിന്റെ അനിയന്റെ ഭാര്യ
35. ജേട്ടാണി = ഭർത്താവിന്റെ ജേഷ്ഠന്റെ ഭാര്യ

(തുടരും)

# കൊച്ചി ഫുട്ബോളിന്റെ ഇതിഹാസം.

റഫീക് സീലാട്ട്



ഹൃദയം കൊണ്ടെഴുതുമ്പോൾ കൈ വിരലുകൾ വെറും ഉപകരണങ്ങൾ മാത്രം. വിവേക പൂർവ്വം പ്രവർത്തിക്കുമ്പോൾ പ്രവർത്തിക്കുന്ന ഇന്ദ്രിയം കേവലം ഉപകരണങ്ങൾ മാത്രം. അല്ലേ? ആഗ്രഹങ്ങൾ മാത്രം മനസ്സിലൊതുക്കാതെ ആ ആഗ്രഹങ്ങൾ സഫലീകരിക്കുവാൻ പ്രവർത്തിക്കുക. വിജയങ്ങൾക്കും പരാജയങ്ങൾക്കും വെറും രണ്ടാം സ്ഥാനം മാത്രം. കഠിനാദ്ധ്വാനത്തിലൂടേയും പ്രവർത്തിയില്ലൂടേയും കിട്ടുന്ന സംതൃപ്തിയാണ് ഈ ലോകത്തെ ഏറ്റവും നല്ല വികാരം.

കായിക വിനോദങ്ങളിൽ മേൽ പറഞ്ഞ കാര്യങ്ങളിൽ ഏറ്റവും പ്രാധാന്യമേകുന്ന കായിക വിനോദമാണ് ഫുട്ബോൾ. വിജയവും പരാജയവുമല്ല ഒരു കാൽ പന്തുകാരന്റെ ലക്ഷ്യംപൊരുതുക,നന്നായി പൊരുതുക. വിജയിച്ചാൽ സന്തോഷം. പരാജയപ്പെട്ടാൽ പൊരുതി തോറ്റതിൽ സംതൃപ്തരാകുക.

ഒന്നാലോചിച്ചാൽ ജീവിതത്തിന് കൊടുക്കുവാൻ കഴിയുന്ന ഏറ്റവും വലിയ സന്ദേശമാണ് സ്സോക്കർ നൽകുന്നത്. ജീവിതം എന്ന യാത്രയിൽ അച്ഛന് നല്ലൊരു മിഡ് ഫീൽഡറാണ്. അമ്മ നല്ല മിഡ് ഫീൽഡറാണ്. ഭാര്യ,കാമുകി, നല്ല സുഹൃത്തുക്കളൊക്കെ നല്ല മിഡ് ഫീൽഡേഴ്സാണ്. ലക്ഷ്യത്തിലെത്താൻ അവർ പല വഴികളും തുറന്നു തരുന്നു. ആക്രമണങ്ങളിൽ നിന്നും രക്ഷപ്പെടുത്തുവാനായി അവർ കവജങ്ങൾ സൃഷ്ടിക്കുന്നു. ചെറുത്തു നിൽക്കുന്നു. അതും ഒപ്പം നിന്നു കൊണ്ട്. അത് കൊണ്ടാണ് ഫുട്ബോൾ എന്ന കായിക വിനോദത്തെ മനുഷ്യന് മാറോട് ചേർത്തു നിർത്തുന്നത്.

ഫുട്ബോൾ എന്ന കായിക വിനോദത്തിൽ ഞാൻ ഏറെ ആരാധിക്കുന്നതും ഇഷ്ടപ്പെടുന്നതും സ്ട്രൈക്കേഴ്സിനെയല്ല. മിഡ്

ഫീൽഡർമാരെയാണ്. എന്തെല്ലാം കാര്യങ്ങളാണ് അവർ ചെയ്യുന്നത്. ആക്രമണത്തെ തടയുന്നു. വിജയം ലാക്കാക്കി കൊണ്ട് ലക്ഷ്യത്തിലെത്താൻ വലുതും കുറുകിയതുമായ പാസ്സുകൾ നൽകുന്നു. അവസരം ലഭിച്ചാൽ കോർണറിലൂടെയോ ഒരു പെനാൽറ്റിയിലൂടെയോ അവർ ഗോളടിച്ച് വിജയം സുതാര്യമാക്കുന്നു. ഫുട്ബോളിന്റെ മാന്ത്രികനായ ഫുട്ബോളിന്റെ ഇതിഹാസമായിരുന്ന പെലേ പോലും ഏറെ ബഹുമാനിച്ചിരുന്നതും ആരാധിച്ചിരുന്നതും തന്നോടൊപ്പം തന്റെ വിജയങ്ങൾക്ക് കാരണക്കാരായ Rivelino ,Santos,Valdir നെ പോലുള്ള മിഡ്ഫീൽഡുകളെയായിരുന്നു. കാരണം അവരില്ലെങ്കിൽ ആ പ്രതിരോധ ശക്തികളില്ലെങ്കിൽ ഒരു സ്ട്രൈക്കറില്ല. അവർക്ക് 1281 അന്താരാഷ്ട്ര ഗോളുകൾ പോയിട്ട് ഒരു ഗോള് പോലും വെക്കാന് കഴിയില്ല. അത്കൊണ്ട് ഫുട്ബോൾ എന്ന കായിക വിനോദത്തിന്റെ അമ്മയാണ് മിഡ്ഫീൽഡർ. അച്ഛനാണ്, സുഹൃത്താണ്, ഭാര്യയാണ് കാമുകിയാണ് മിഡ്ഫീൽഡർ.



**ജുനൈദ് സേട്ട്.**

കൊച്ചിയിലെ തിരുമല ദേവസ്വം വക സ്കൂളിൽ പഠിച്ചിരുന്ന മികച്ച ഒരു ഫുട്ബോളറെ എനിക്കറിയാം. S.M. ജുനൈദ് സേട്ട്. എന്റെ ജന്മ നാടായ കൊച്ചിയിലെ സാലൈ മുഹമ്മദ് സേട്ട് എന്ന മഹാനായ മനുഷ്യന്റെ മകന്. ബാല്യം തൊട്ട് ഫുട്ബോളിനെ അന്ധമായി ആരാധിച്ചിരുന്ന മികച്ചൊരു ഫുട്ബോളർ. ആഗ്രഹങ്ങളേക്കാളേറെ പ്രയത്നങ്ങൾ ക്ക് അന്നും ഇന്നും മുൻതൂക്കം നൽകുന്ന ഒരു വലിയ മനുഷ്യന്.



ആക്രമണ ഫുട്ബോളിനേക്കാളേറെ ലക്ഷ്യ സ്ഥാനങ്ങളിലെത്തപ്പെടാൻ സഹായിക്കുന്ന ഫുട്ബോളിന്റെ മദ്ധ്യ നിരകളിലായിരുന്നു ബാലനായ ജുനൈദ് സേട്ടിന്റെ ലക്ഷ്യം.

ലക്ഷ്യ സ്ഥാനത്തെത്തുവാൻ പ്രയാസമായിരുന്ന അറുപതുകളിലെ തന്റെ കൗമാരം. ആളൊഴിഞ്ഞ മൈതാനങ്ങളിൽ കാൽപ്പന്തുകൾ തട്ടി ലക്ഷ്യം തേടിയുള്ള യാത്ര തുടങ്ങി. മനസ്സിൽ നിറയെ പെലയോടുള്ള ആരാധന മാത്രം.
റേഡിയോവിലൂടെയുള്ള കമന്ററികൾ മാത്രം ഏക ആശ്രയമായിരുന്ന ഒരു കാലഘട്ടം. അവസരങ്ങൾ ഒരുക്കിയിട്ടും ഗോളടിക്കാൻ കഴിയാതെ വരുമ്പോൾ സ്ട്രൈക്കറെക്കാൾ പ്രയാസപ്പെടുന്ന മിഡ്ഫീൽഡർ. അവസരം കൃത്യമായി വിനിയോഗിച്ച് അതൊരു ഗോളായി മാറ്റുമ്പോൾ തുള്ളിച്ചാടുന്ന മിഡ്ഫീൽഡർ. ആ മനോഭാവമായിരുന്നു ബാലനായ ഈ കായിക താരത്തിന് ഒരു നാൾ. തന്റെ പ്രായത്തിലുള്ള കൗമാരക്കാർ പ്രണയ ലഹരി നുകർന്നിരുന്നപ്പോഴും ജുനൈദ് എന്ന ഫുട്ബോളറുടെ മനസ്സിൽ നിറയെ പ്രണയം ഫുട്ബോളിനോട് മാത്രമായിരുന്നു. സ്കൂളിലെ ഫുട്ബോൾ ക്യാപ്റ്റനായി.

തന്റെ കളിയുടെ മികവ് കണ്ട് അദ്ധ്യാപകരും സുഹൃത്തുക്കളും പ്രശംസിച്ചപ്പോൾ ഈ മികച്ച ഫുട്ബോളറുടെ ഹൃദയാഭിലാഷങ്ങൾ പൂവണിയുകയായിരുന്നു. പക്ഷേ വിജയ സാദ്ധ്യതകൾ സൃഷ്ടിക്കുവാൻ പെടാപ്പാട് പെടുന്ന മദ്ധ്യനിരക്കാരന് എപ്പോഴും ദുരന്തങ്ങളുടെ നടുവിലായിരിക്കും. തന്റെ പതിമൂന്നാമത്തെ വയസ്സിൽ ഈ മികച്ച ഫുട്ബോളറിന് ഒരു വൻ ദുരന്തം നേരിടേണ്ടി വന്നു. അന്ന് ധാരാളം മുട്ടായികൾ സമ്മാനം കിട്ടുന്ന ഒരു കളിയുണ്ടായിരുന്നു. ഒരു ബോർഡിൽ കുറെ നമ്പറുകൾ എഴുതിവെച്ചിട്ടുണ്ടാകും. ഉണ്ടകൾക്ക് പകരം ആണിവെച്ച തോക്കുമായി ഉത്തരേന്ത്യക്കാരൻ വരും.കൃത്യമായി വെടിവെച്ച് ഈ ആണി ആ അക്കങ്ങളിൽ കൊണ്ടാൽ ധാരാളം മധുരമാർന്ന മുട്ടായി സമ്മാനം ലഭിക്കും. അങ്ങിനെ ഒരിക്കൽ ആ ഉത്തരേന്ത്യക്കാരന് ലക്ഷ്യം തെറ്റി ഈ ആണി വന്ന് തറച്ചു കയറിയത് ഈ പാവം ഫുട്ബോളിന്റെ ആരാധകന്റെ കണ്ണിലായിരുന്നു. അതും വലത് കണ്ണ്.

സർവ്വവും നഷ്ടപ്പെട്ടു എന്ന് പലരും വിധി എഴുതി. അവിടെയാണ് ജീവിതത്തെ ഫുട്ബോളിന്റെ ആവേശത്തോടെ കണ്ടിരുന്ന ആ പതിമൂന്നുകാരന്റെ പ്രതീക്ഷയുടേയും ആത്മവിശ്വാസത്തിന്റേയും മുന്നിൽ ഞാൻ ശിരസ് കുനിക്കുന്നത്. പാതി കാഴ്ചയുള്ള ആ കണ്ണുകളുമായി പൂർവ്വാധികം ശക്തിയോടെ ജുനൈദ് സേട്ട് കളികളത്തിലിറങ്ങി.ഫുട്ബോൾ എന്ന മഹത്തരമായ കളി നൽകിയ സന്ദേശവുമായി. തുടർന്ന് നിരവധി ക്ളബ്ബുകൾക്കായി കളിച്ചു. തന്റെ കഴിവുകൾ തെളിയിച്ചു.



ഐ.എം.വിജയനൊന്നുമില്ലാത്തൊരു കാലമായിരുന്നു അത്. കേരളം കണ്ട മികച്ച ഫുട്ബോളേഴ്സായ മണി,ജാഫർ,വില്യംസ്, സേതുമാധവൻ,വിക്ടർ മഞ്ഞില,ബഷീർ അങ്ങിനെ പത്ത് പേരടങ്ങിയ പ്രീമിയർ ടയേഴ്സ് ടീമിനായി അവരോടൊപ്പം ജുനൈദ് സേട്ട് കളിച്ചു. മിഡ്ഫീൽഡറായ ജുനൈദ് സേട്ടായിരുന്നു അവരുടെ ആത്മവിശ്വാസം.

ഗോളടിക്കുവാൻ സേട്ട് ഒരുക്കിയിരുന്ന അവസരങ്ങൾ അവർ പാഴാക്കിയിരുന്നില്ല. പ്രശസ്തനായ ഒളിമ്പിയൻ അബ്ദുൽ റഹ്മനായിരുന്നു അവരുടെ കോച്ച്.

അദ്യ സന്തോഷ് ട്രോഫി മത്സരം വന്നു. മിഡ്ഫീഡറായത് കൊണ്ടോ കാഴ്ചയുടെ പ്രശ്നം കൊണ്ടോ ജുനൈദ് സേട്ട് ആ സന്തോഷ് ട്രോഫി ലിസ്റ്റിൽ ഉൾപ്പെട്ടില്ല. പക്ഷേ അദ്ദേഹം 1971 മുതൽ 83 വരെ ജൂനിയർ നാഷണൽ ടീമിൽ കളിച്ചു. 1974 ൽ കർണ്ണാടകയും കേരളവും തമ്മിലുള്ള മത്സരമായിരുന്നു. കോച്ച് ഒളിമ്പിയൻ അബ്ദുൽ റഹ്മാനായിരുന്നു. കളിയുടെ തോൽവി തിരിച്ചറിഞ്ഞ് കോച്ച് ഒരു ബേക്കിനെ തിരിച്ചു വിളിച്ച് ജുനൈദ് സേട്ടിനെ ഫോർവേഡായി ഇറക്കി. ആദ്യ പാസ്സിങ്ങിൽ നിഷ്പ്രയാസം അത് ഗോളായി മാറി. അങ്ങിനെ കർണ്ണാടകയെ തോൽപ്പിച്ച് കേരളം ഫൈനലിൽ പ്രവേശിച്ചു.

ജൂനിയർ ലീഗുകളിൽ നിരവധി തവണ കോർണറിലൂടേയും പെനാൽറ്റിയിലൂടേയും ജുനൈദ് സേട്ട് ലക്ഷ്യം കണ്ടിരുന്നു. 1971 മുതൽ 1983 വരെ ജുനൈദ് സേട്ട് ഫുട്ബോൾ രംഗത്തെ അത്ഭുത പ്രതിഭാസമായിരുന്നു. കാലങ്ങൾ പിന്നിട്ടെങ്കിലും ജുനൈദ് സേട്ടിന്റെ മനസ്സിൽ വലിയൊരു ദുഖം ഇന്നുമുണ്ട്. ഇന്ന് അദ്ദേഹത്തിന്റെ കടവന്ത്രയിലുള്ള ഫ്ളാറ്റിൽ ചെന്ന് ഞാൻ ഇന്റർവ്യൂ ചെയ്യപ്പോൾ ആ കാര്യം അദ്ദേഹം പറഞ്ഞപ്പോൾ ആ മനസ്സ് വേദനിക്കുന്നത് എനിക്ക് കാണാന് കഴിഞ്ഞു.

1973 ൽ ജൂനിയർ ഇന്ത്യൻ നാഷണൽ ടീം സെലക്ഷൻ വന്നു. കേരളത്തിൽ നിന്നും ആദ്യം നിർദ്ദേശിക്കപ്പെട്ട പേരും ജുനൈദ് സേട്ടിന്റേതായിരുന്നു. അലോയ് ഘോഷ് എന്ന അതി സമർത്ഥനായിരുന്നു കോച്ച്. രാത്രി ഭക്ഷണം കഴിക്കുവാൻ ടേബിളിൽ ഇരിക്കവെ സെലക്ഷന്റെ ഭാഗമായി കൃത്യനിഷ്ഠക്കാരനായ ആ കോച്ച് പറഞ്ഞു. പെട്ടെന്ന് ഡൈവ് ചെയ്യാന് പറഞ്ഞു. ഭക്ഷണം കഴിച്ചിരുന്ന കൈ പോലും കഴുകാതെ ആ കൈ തറയിൽ മുട്ടാതെ ജുനൈദ് സേട്ട് ഡൈവ് ചെയ്തു. കോച്ച് മറ്റുള്ളവരോടായി പറഞ്ഞു ജുനൈദ് സേട്ടിനെ മാതൃകയാക്കാൻ. അത്രയ്ക്ക് dedicated ആയിട്ടുള്ള കളിക്കാരനായിരുന്നു അദ്ദേഹം. ഫൈനൽ സെലക്ഷന് മത്സരം പഞ്ചാബിലെ പാട്യാലയിൽ നടക്കുകയാണ്. വാശിയേറിയ മത്സരമായിരുന്നു. കൊടും മഞ്ഞായിരുന്നു അന്നവിടെ. യാതൊരു മുന്നറിയിപ്പുമില്ലാതെ കോച്ച് അദ്ദേഹത്തോട് കളികളത്തിലേയ്ക്ക് ഇറങ്ങാന് പറഞ്ഞു. ഇത്രയും കൊടും തണുപ്പിൽ warm up ചെയ്യാതെ ഒരു കളിക്കാരനും ഇറങ്ങില്ല. പക്ഷേ തന്റെ മനസ്സിലെ ഫുട്ബോളിനോടുള്ള അടങ്ങാത്ത അഭിനിവേശവും ആവേശവും മൂലം അദ്ദേഹം ചാടിയിറങ്ങി. ആ മഞ്ഞിൻ നനവുകളിൽ വഴുതി വീണ് തുടയെല്ല് ഒടിഞ്ഞു പോയി. അങ്ങിനെ ഇന്ത്യന് ജൂനിയർ നാഷണൽ ടീം എന്ന പ്രതീക്ഷ അസ്തമിക്കുകയായിരുന്നു.



വിധിക്രൂരനായിരുന്നില്ലായിരുന്നെങ്കിൽ ജുനൈദ് സേട്ട് എന്ന ഫുട്ബോൾ മാന്ത്രികൻ ഇന്ന് ഫുട്ബോൾ മാന്ത്രികലോകത്തിന്റെ അധിപനായി മാറിയേനെ. കോച്ച് ഒളിമ്പിയൻ അബ്ദുൽ റഹിമാനോടൊപ്പം കൊൽക്കത്ത യിൽ പെലെയുടെ കളി കണ്ടതും അദ്ദേഹത്തെ പരിചയപ്പെട്ടതും ഒരു മുതൽ കൂട്ടായി സേട്ട് കാണുന്നു. ക്രിക്കറ്റിന്റെ ഇതിഹാസം സച്ചിൻ ടെണ്ടുൽക്കറുമായും സേട്ട് നല്ല സൗഹൃദത്തിലാണ്. കാമറൂൺ, അൾജീരിയ,ഒമാൻ,ഖാന എന്നീ ടീമുകളുടെ ലോക്കൽ മാനേജറുമായി അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

ഭാര്യയും മൂന്നു മക്കളുമായി സേട്ട് സന്തുഷ്ട ജീവിതം ആസ്വദിച്ച് വരുന്നു. മക്കൾ എല്ലാം വിദേശത്താണ്. സിനിമാ സീരിയൽ നടനും എഴുത്തുകാരനും സംവിധായകനുമായ ആദംഅയ്യൂബിന്റെ സഹോദരിയുടെ ഭർത്താവാണ് ജുനൈദ് സേട്ട്. ഫുട്ബോളിലും ജീവിതത്തിലും നല്ലൊരു മിഡ്ഫീൽഡറായി സേട്ട് പൂർണ്ണ ആരോഗ്യവാനായി ആഗ്രഹങ്ങളേക്കാളേറെ കഠിനാദ്ധ്വാനത്തിന് പ്രാധാന്യം നൽകി മുന്നേറുന്നു. സേട്ടിന് എല്ലാ ഭാവുകങ്ങളും. എല്ലാ നന്മ മരങ്ങൾക്കും നന്മകളുണ്ടാകട്ടെ



# FACE TO FACE WITH Mr. Wazeem Nishad

Ansar Shakoor

**Wazeem Nishad, many in our community wants to know more about you, so please could you say first about you, where are you from, your parents and siblings, your studies...**

I was born in Kollam. I am the second born son of my parents Fathima (Anitha) and Nishad Sait. My schooling was from Infant Jesus Anglo Indian Higher Secondary School (Till 10th Grade) and TKM Centenary Public School (12th Grade). Graduated with a B.Tech degree in Mechanical Engineering from Sree Buddha College, Alappuzha, I went on to pursue M.Tech in Computer Integrated Manufacturing from TKM College of Engineering, Kollam. I am very passionate about sports since my school days!! I have excelled in various sports events including Basketball (kerala state level), handball (southzone cbse) and athletics (revenue district level). Right now, I am pursuing a PhD from IIT Madras under the Manufacturing Engineering Section of Mechanical Engineering Department. I work on developing new techniques for production of graphene for my PhD research and also for an industrial project. My love for academics, sports and good food has helped me adapt to the environments of different educational institutions.

My family has always supported and encouraged me to be passionate about my research and academics. My mother Fathima Nishad (D/o Late Azeez Sait & Late Zaibunisa Bai) is a homemaker and my father Nishad Sait (S/O Mariyam Bai & Late Ebrahim Sait) is a Trade Instructor at TKMCE, Kollam. I have an older brother – Anees Sait, who works as a Senior Analyst at Allianz located in Trivandrum Techno Park and a younger sister – Zulekha Nishad, who is currently pursuing Masters of Arts in English Literature at Amrita Viswa Vidyapedam. My wife, Bushnin Waseem Patel (D/O Habeeba and Waseem Patel) works as an Educational Research Data Analyst at IIT Madras under the Dean of Academic Research and also is a Scientific Writer and Editor too.

**Learned from the media that your research is related with producing graphene platelets from Graphite, to a layman, how you explain what is the importance of this research?**

As you know, the pencils we use contains lead. The lead is made of graphite and graphene is a basic constituent of graphite. Graphene is a newly discovered material which is made up of carbon (also called allotrope of carbon) arranged in a single atom thick two dimensional sheet. In spite of its density being extremely lower than any steel, graphene is about 100 times stronger than the strongest steel available. Graphene conducts heat and electricity very efficiently. Many scientists around the world have explored the applicability of graphene to build new electronic devices, conducting polymers, better lubricants and so on. Lab-scale fabrication and manufacturing of graphene can be done in smaller amounts but producing larger amounts for industrial use has not been easy. We wanted to address this research problem. Our research has been studying various unconventional mechanical ways to make this material, particularly in large amounts. Graphite acts as a good lubricant because of the way the graphene sheets can easily slide past each other. We have used this very lubricating action and applied it in the machining process, to separate the graphene sheets and help them stay suspended in a solution. Our way of making graphene generates many small graphene particles which can be separated out and used for various purposes.

**How do you think your research will help the humans and the environment?**

Graphene is one of the strongest and thinnest materials known to man and is also bio-compatible. So it can be used for various applications including biomedical, water and air purification, energy storage etc. It conducts electricity thirteen times better than copper. Graphene can also form an excellent barrier layer and has an extremely high surface area. This makes graphene a very promising material to be used in batteries and supercapacitors. Graphene also has a lot of other promising applications such as in the production of anti-corrosion coatings and paints, efficient and precise sensors, faster and efficient electronics, flexible displays, efficient solar panels, faster DNA sequencing, drug delivery, and many more. My research is entirely focused on producing good quality defect free graphene that can be used for its various applications.

**What got you interested in this field?**

Andre Geim and Kostya Novoselov of the University of Manchester discovered and isolated a single atomic layer of carbon i.e. Graphene for the first time and they received the Nobel Prize in Physics in 2010. Graphene is a very recent material known as the "Wonder Material" and its wide applicability intrigued me. I was very much interested in understanding the best method for producing large scale good quality graphene.

**Do you remember any exciting incidents during research?**

The appreciation received for the work I presented during conferences at Taiwan and USA has inspired me to stay on path and continue with my research. As a part of my Student Exchange Program I performed various experiments in Japan. The work culture and research labs were really amazing. Everyone there is extremely work-oriented and very organized. During my initial days I thought I would not be able to adapt to this highly organized and systematic environment. These days were the most exciting ones as the lab coordinators who taught me to operate the machines communicated in Japanese with very few English words. My struggle to understand kept me on my toes. As day went by, I quickly adapted to the work culture and this experience had been extremely exciting.

**The challenges you and your team faced during this research.**

Particles present in my sample were really small in size, about 1/ 10000$^{th}$ time thinner than a strand of hair. For the purpose of characterization and identifying material quality, its thickness and lateral measurements, many sophisticated machines are required to be used. Students belonging to Physics, Chemistry and Chemical engineering backgrounds usually deal with these equipment. My major challenge was accessing these facilities and being able to use them on my own. This challenge pushed me to get myself trained in using machines like Scanning Electron Microscopy, Atomic Force Microscopy, UV-Spectroscopy, Raman Spectroscopy, XRD and so on.

**What you want to say to our youngsters who are interested in the scientific studies?**

Studies in science and engineering or rather pursuing one's passion is very worthwhile. I urge all the youngsters of our community to pursue their dreams and follow their passion. One should always try to enroll into the best universities and institutions of your area of choice. Many of us are ignorant or unaware of the pool of opportunities that India has to offer in various streams of education. I suggest the youngsters to find out and approach established universities (preferably central universities in India) and institutes to collect information regarding their joining and scholarship programs. I also take this opportunity to highlight the fact that education in India or abroad in your desired subject area is not always expensive and unaffordable. There are many scholarships and facilities which are available to undergraduate, post graduate and continuing education candidates. For example scholarships such as DAAD, Full Bright, MEXT, INSPIRE, Commom Wealth and many others offer great scholarships and provide you with a platform to establish your dreams with your talent and persistence. I believe learning is a continuous process and does not always require one to attend college on a full time basis. There are various online, distance and correspondence programs and courses which anyone regardless of age, gender or status can pursue and continue their education. I would request elders of our community to support and encourage everyone and anyone who wants to learn. We should equally encourage and inspire both girls and boys , men and women to learn and fulfill their career path.

**Thank you Wazeem Nishad for the time you spent with us. Really it will help and inspire many.**

# മർഹൂം ഹാജി എം ഹുസൈൻ സേട്ട് ഒരു അനുസ്മരണം.

റസിയ ഹുസൈൻ. റിട്ട: ടീച്ചർ, എം. എം. ഒ. എച്ച്. എസ്.



"ചക്രധാരി" എന്ന തൂലികാ നാമത്തിൽ അറിയപ്പെടുന്ന ഹുസൈൻ സേട്ടു, മുഹമ്മദ് കാസം സേട്ടുവിന്റെയും ഫരീദയുമ്മയുടെയും മകനായി 1926ൽ ജനിച്ചു. 2015 ജൂൺ 16ന് കാലയവനികക്കുള്ളിൽ മറഞ്ഞു. കാവ്യാത്മകവും ആത്മീയ പരിവേഷവുമുള്ള ആദരണിയ വ്യക്തിയെക്കുറിച്ച് - മകളുടെ ദീപ്തമായ ഓർമ്മകൾ...
വിദ്യാഭ്യാസം സാന്റാക്രൂസ് സ്കൂളിൽ ആയിരുന്നു. ജീവിത ഭാരം ചുമലിൽ വന്നപ്പോൾ 18 വയസ്സിൽ മിലിട്ടറിയിൽ ചേർന്നു. അന്ന് രണ്ടാം ലോക മഹായുദ്ധത്തിന്റെ കാലമായിരുന്നു. രണ്ടു വർഷത്തെ സൈനിക സേവനത്തിൽ നിന്നും 1946ൽ വിടവാങ്ങി. വിമുക്ത ഭടന്റെ ആനുകൂല്യത്തിൽ ഇന്ത്യൻ ബാങ്കിൽ ക്ലാർക്ക് ആയി നിയമിതനായി. ആ കാലഘട്ടത്തിൽ സ്വന്തം പേരിൽ സർഗ്ഗാത്മക കഴിവുകളെ എഴുതി പ്രസിദ്ധികരിക്കുന്നതിന് നിയന്ത്രണങ്ങൾ ഉണ്ടായിരുന്നു. അതിനാൽ "ചക്രധാരി" എന്ന തുലികാ നാമം സ്വികരിച്ചു. "ചക്രധാരി" എന്ന തമിഴു ചിത്രമായിരുന്നു പ്രചോദനം.

അന്ന് ഏറ്റവും പ്രചാരത്തിൽ ഉണ്ടായിരുന്ന മാത്രഭൂമി വാരികയിൽ ആയിരുന്നു അദ്ദേഹത്തിന്റെ ആദ്യകാല കഥകൾ പ്രസിദ്ധികരിച്ചു വന്നത് എന്നാണ് എന്റെ ഓർമ്മ. പിന്നീടങ്ങോട്ട് പല വാരികകളിലും മറ്റുമായി ധാരാളം കലാസൃഷ്ടികൾ പ്രസിദ്ധികരിച്ചു കൊണ്ടിരിന്നു. ഉയർന്ന ചിന്തയും ലളിത ജീവിതവും മുഖമുദ്രയാക്കിയ ആ വ്യക്തിത്വത്തിന് ആശയങ്ങൾ എത്ര ഗംഭീരമുള്ളതായാലും ലളിതവും സരസവുമായി പ്രതിപാദിക്കാനുള്ള അസാമാന്യ കഴിവിനെ പ്രകീർത്തിക്കുന്നു. അക്കാലത്തു മട്ടാഞ്ചേരിയിലെ ദ്വാരകദാസ് സേട്ടിന്റെ (ഗുജറാത്തി) ദീപ്തി മാസികയിൽ "ഞാനും നിങ്ങളും" എന്ന പംക്തിയും എഡിറ്റോറിയലും കൈകാര്യം ചെയ്തിരുന്നു. ബാങ്ക് ജോലി കയിഞ്ഞ് നേരെ ദീപ്തി ഓഫീസിൽ. ഏറെ വൈകുന്നത് വരെ ജോലിത്തിരക്കിൽ ആയിരിക്കും. ക്ഷീണിതനായി വീട്ടിൽ എത്തിയാലും വീണ്ടും എഴുത്തിന്റെ പണിപുരയിൽ ആയിരിക്കും.



അന്ന് മാറ്റർകൾ പ്രെസ്സിലേക് പോകുന്നതിന് മുൻപ് അവ പകർത്തി എഴുതിയിരുന്നത് സഹോദര പുത്രിയായ കുൽസും ഭായി ആയിരുന്നു. സിനിമ നിരൂപണങ്ങൾ, കഥകൾ, ചിന്തോദീപങ്ങളായ ലേഖനങ്ങൾ എന്നിവ ആ തൂലികയിൽ നിന്നും നിർലോഭം ഒഴുകിയിരുന്നു. അവയെല്ലാം ദീപ്തിയിൽ തുടർച്ചയായി പ്രസിദ്ധികരിക്കാൻ തുടങ്ങി. മലയാള ഭാഷയിലെ പരിജ്ഞാനവും അവ അനായാസം കൈകാര്യം ചെയ്യുവാനുള്ള കഴിവും ഇവിടെ തുണയായി. കൂടാതെ ഹിന്ദി, ഉർദു, തമിഴ് എന്നീ ഭാഷകളും സായത്തമായിരുന്നു. ഇംഗ്ലീഷ് ഭാഷയിലും പ്രാവണ്യം ഉണ്ടായിരുന്നു.

അഹ്മദ് ഉസ്മാൻ സേട്ട് പത്രാധിപരായിരുന്ന "ചിത്രം സിനിമ" മാസികയിലും ചോദ്യോത്തര പംക്തിയിലും അതിന്റെ ഉന്നത തലത്തിൽ തന്നെ കൈകാര്യം ചെയ്യുവാൻ കഴിഞ്ഞു. അതിന്റെ അണിയറയിൽ ഭംഗിയായി പ്രവർത്തിക്കാനുള്ള പ്രചോദനം ലഭിച്ചത് അന്നത്തെ രാജ്യസഭാ അംഗമായിരുന്ന പരേതനായ സാലേ മുഹമ്മദ് ഇബ്രാഹിം സേട്ട് ആയിരുന്നു.

ഇതിനിടയിൽ നാലു പ്രാവശ്യം ഹജ്ജെന്ന പുണ്യ കർമ്മം നിർവഹിക്കാനുള്ള ഭാഗ്യം സിദ്ധിച്ചു. ആ പവിത്രത നിലനിർത്തുന്നതിന്റെ ഭാഗമായി പലിശ കണക്കെഴുതുന്നത് അനിസ്ലാമികമെന്ന വിശ്വാസത്തിൽ ബാങ്കിലെ ജോലി രാജിവെച്ചു സാലേ മുഹമ്മദ് ഇബ്രാഹിം സേട്ടിന്റെ ബ്ലൂ ബേ ഫിഷറീസിൽ 1962ൽ
ചീഫ് അക്കൗണ്ടന്റ് ആയി ജോലി സ്വീകരിച്ചു. 1969ൽ മാനേജർ പദവി നൽകി. പിന്നീട് 1971 മുതൽ 1982 വരെ "ഇൻഡോ മറൈൻ ഏജൻസി " എന്ന അവരുടെ തന്നെ മറ്റൊരു കമ്പനിയിൽ മാനേജരായി നിയമിക്കപ്പെട്ടു. എന്നാൽ 1982ൽ ബ്ലൂ ബേയിലേക് തിരിച്ചു പോവുകയും അവിടത്തെ അഞ്ചു വർഷത്തെ സേവനത്തിനു ശേഷം 1987ൽ രാജിവെച്ചു പിരിഞ്ഞു പോവുകയും ചെയ്തു.

പിന്നീട് എറണാകുളത്തെ പ്രശസ്തമായ ഒരു പ്ലൈവുഡ് കമ്പനിയിലും അതിനു ശേഷം പ്രശസ്ത വസ്ത്രവ്യാപാരി "മഹാരാജാസ് റെഡിമെഡ്സിലും" അക്കൗണ്ടന്റായി വർത്തിച്ചു.

കലയോടും സിനിമയോടും ആഭിമുഖ്യമുള്ള H.H.ഇബ്രാഹിം സേട്ടുവും, Y.M.ഇലിയാസ് സേട്ടുവും ചേർന്ന് "കലാലയ" ബാനറിൽ "ഡോക്ടർ" എന്ന സിനിമ റിലീസ് ചെയ്തു. കലാപരമായി വിജയിക്കുകയും അവാർഡുകൾ നേടുകയും ചെയ്തു. എന്നാൽ വലിയ സാമ്പത്തിക നേട്ടം ഉണ്ടാക്കിയില്ല.

അവരുടെ രണ്ടാമത്തെ ചിത്രത്തിനായി "ചക്രധാരി" സുബൈദ എന്ന കഥയ്ക്ക് തിരക്കഥയും സംഭാഷണവും രചിച്ചു. ഹുസൈൻ സേട്ടിന്റെ തൂലികയിൽ നിന്നുതിർന്ന -ആ കഥ- ആദ്യ രാത്രിയിൽ ഭർത്താവ് നഷ്ടപെട്ട ഒരു ഗർഭവതിയായ സുബൈദ എന്ന സ്ത്രീയുടെ കദനകഥ- അന്ന് മുസ്ലിം സമുദായത്തിൽ സ്ത്രീക്ക് യാതൊരു സ്വതന്ത്രവും ഇല്ലാതിരുന്ന ഒരു കാലഘട്ടമായിരുന്നു. തികച്ചും ചടുലമായ സംഭാഷണവും പല വീടുകളിലും കാണുന്ന കുശുമ്പും കുന്നായ്മയും എടുത്തു കാട്ടിയ നല്ലൊരു ചിത്രീകരണവും. M.S.മണി ആയിരുന്നു സംവിധാനം നിർവഹിച്ചത്. മുസ്ലിം സാമൂഹിക പശ്ചാത്തലം പരിചയം ഇല്ലാത്തതിനാൽ ചിത്രത്തിന്റെ നിർമാണ പ്രക്രിയയിൽ ആദ്യാവസാനം ചക്രധാരിയുടെ സാന്നിധ്യം വേണമെന്ന് ശഠിച്ചു. അങ്ങിനെയാണ് അദ്ദേഹം സിനിമ പ്രവർത്തനം തുടങ്ങുന്നത്. വമ്പിച്ച വിജയത്തോടെ 1965ൽ പടം റിലീസ് ആയി. അങ്ങനെ ഹുസൈൻ സേട്ടിന്റെ സാന്നിധ്യം




അനിവാര്യാമായപ്പോൾ കലാലയ ബാനർ എന്നത് കലാലയ ഫിലംസ് എന്ന ബാനറിൽ സിനിമകൾ പുറത്തിറക്കി തുടങ്ങി. വിലക്കപ്പെട്ട ബന്ധങ്ങൾ, മനസ്സ്, ജാലകന്യക എന്നിവ അവയിൽ ചിലതാണ്.

ജാലകന്യകയിൽ പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്ന്റെ ജോലി നിർവഹിച്ചത് ചക്രധാരി ആയിരുന്നു. പാതിരാമണൽ എന്ന സ്ഥലത്തു വെച്ചു ഷൂട്ടിങ് നടക്കുന്നതിനിടയിൽ ഉണ്ടായ ഒരു ദുരന്തം എന്റെ പിതാവിന്റെ മനസിനെ ആകെ ഉലച്ചിരുന്നു. ഉരുക്കു മനുഷ്യൻ എന്ന് ഞങ്ങളുടെ മനസ്സിൽ പ്രതിഷ്ട നേടിയ എന്റെ പിതാവ് കരയുന്നത് അന്നാണ് ആദ്യമായി ഞാൻ കാണുന്നത്. മട്ടാഞ്ചേരിയിലെ ദാവൂദ് സേട്ടിന്റെ (കല്ലട്ടക്കാരൻ) മകനും രണ്ട് കുട്ടികളുടെ പിതാവുമായ ഇബ്രാഹിം സേട്ട് സെറ്റിലെ ജോലികൾക്കിടെ ചേർത്തല കായലിൽ മുങ്ങി മരിച്ചതയായിരുന്നു ആ ദുരന്തം. അതിന് ശേഷം "അർദ്ധരാത്രി" എന്ന സിനിമയുടെ എല്ലാ പേപ്പർ വർക്കും ചെയ്തിരുന്നു, പക്ഷെ ഷൂട്ടിങ് തുടങ്ങുന്നതിന് മുൻപ് ആ കഥ മറ്റാരോ സിനിമ ആക്കി കഴിഞ്ഞിരുന്നു. അങ്ങനെ ആ സംരംഭത്തിൽ നിന്നും പിന്മാറി.

പിന്നീട് മഹാരാജാ ഫിലിംസിന്റെ പേരിൽ ശിവാനന്ദൻ ഒരു സിനിമ പിടിച്ചു. രാജസേനൻ സംവിധാനം ചെയ്തു, രഘുനാഥ് പാലേരി തിരക്കഥ എഴുതിയ "സ്വപ്നലോകത്തിലെ ബാലഭാസ്കർ" ന്റെ ചുക്കാൻ പിടിച്ചത് ചക്രധാരി എന്ന ഹുസൈൻ സേട്ട് ആയിരുന്നു.

ചലച്ചിത്രങ്ങളുമായി ബന്ധപെട്ടപ്പോഴും ലേഖനങ്ങൾക്കും ചെറുകഥകൾക്കും വേണ്ടി തൂലിക ചലിച്ചു കൊണ്ടേയിരുന്നു. 1948ൽ "മുസൽമാൻ" എന്ന പ്രസിദ്ധികരണത്തിൽ ആണ് ആദ്യ ചെറുകഥ വന്നത്. 1953ൽ എഴുതിയ "താരങ്ങളുടെ സദാചാരനിലവാരം" എന്ന ലേഖനം ചലച്ചിത്ര ലോകത്ത് അല്പം വിവാദമായി.

കലാനിധി വാരിക, തസ്‌വീർ, കേരള പത്രിക, ഫിലിം, സിനിമ ദീപം തുടങ്ങിയ സിനിമ പ്രസിദ്ധികരണങ്ങളിലും എഴുതിയിരുന്നു. ദ്വാരകദാസിന്റെ മരണത്തോടെ ദീപ്തിയുടെ പ്രസിദ്ധികരണം അവസാനിച്ചു. അതുവരെ അതിലെ രാംദാസിന്റെ മരണത്തോടെ ദീപ്തിയുടെ പ്രസിദ്ധികരണം അവസാനിച്ചു. അതുവരെ അതിലെലേഖകനായിരുന്നു.

കൊച്ചിയിലെ കച്ചിമേമൻ അസോസിയേഷൻ സെക്രട്ടറി സ്ഥാനം അലങ്കരിച്ചിരുന്നു. 1962 മുതൽ 1974 വരെ ഇക്‌ബാൽ ലൈബ്രറിയുടെ സെക്രട്ടറി, 1998ലെ സുവനീർ (സി എം ജെ & സി എം എ) ചീഫ് എഡിറ്റർ എന്ന പദവിയും ഏറ്റെടുത്തിട്ടുണ്ട്.

ചെറുകഥകളിലേക്ക് ഒരു തിരനോട്ടം കൂടി നടത്തുകയാണ്. 1954ൽ ഫിലിം മാസികയുടെ ഒരു വാർഷിക പതിപ്പിൽ എഴുതിയ "ഒരു വേശ്യ അവളുടെ കഥ പറയുന്നു" എന്ന കഥ ലക്നൗവിലെ ഒരു തെരുവിൽ വെച്ച് കണ്ട സ്ത്രീ പറഞ്ഞു കേട്ട അനുഭവമായിരുന്നു. "മഴയ്ക്കു ശേഷം " പിശാചിന്റെ മരണം" എന്നീ കഥകളും അദ്ദേഹത്തിന് പ്രിയപെട്ടതായിരുന്നു. ദീപ്തിയിൽ പ്രസിദ്ധികരിച്ച "ചഷകം" എന്ന കഥയുടെ ഉള്ളടക്കം എക്കാലത്തും പ്രസക്തിയുള്ളതാണ്. അൻപതുകളിൽ ദീപ്തിയിൽ എഴുതിയ "ഞാനും എന്റെ ഏകാന്തതയും" എന്ന കഥ അദ്ദേഹത്തിന്റെ അവസാന നാളുകളിൽ (അതായത് ഭാര്യയുടെ മരണശേഷം) അന്വർത്ഥമായിരുന്നു എന്ന് പറഞ്ഞിരുന്നു.

അനീതിക്കും അധർമത്തിന്നും എതിരെ നഖശിഖാന്തം പോരാടിയിരുന്ന ധീരമായ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു. സൂര്യൻ കീഴിലെഏതു വിഷയത്തെകുറിച്ചും വ്യക്തമായ ധാരണയുണ്ടായിരുന്നു. ഏതു കാര്യത്തിലും ഏതു സംശയത്തിനും വ്യക്തമായ പരിഹാരം എപ്പോഴും അദ്ദേഹത്തിന്റെ കൈവശമുണ്ടായിരുന്നു.

മട്ടാഞ്ചേരിയിലെ ആദം സേട്ടിന്റെ മകൾ ആയിഷ ബായി ആയിരുന്നു സഹധർമിണി. 62 വർഷത്തിന്റെ



ദാമ്പത്യത്തിൽ 12 മക്കൾ പിറന്നു. അതിൽ 7പെണ്ണും 5ആണും. 4 ആൺമക്കൾ ശൈശവത്തിൽ തന്നെ തങ്ങളെ വിട്ടുപിരിഞ്ഞു. ഇവരിൽ

മൂത്ത പുത്രി ആയ എനിക്കു മാത്രമാണ് കോളേജ് വിദ്യാഭ്യാസം ലഭിച്ചത്. മർഹൂം സാലെ മുഹമ്മദ് ഇബ്രാഹിം സേട്ടുവിന്റെ വാക്കിനെ മാനിച്ചു കൊണ്ടുമാത്രമാണ് 1967ൽ ആരംഭിച്ച കൊച്ചിൻ കോളേജിൽ ചേർത്തത്.

ജീവിതത്തിൽ ഏതു തുറയിലായാലും ഒരു പെർഫെക്ട് ജന്റിൽമാൻ ആയിരുന്നു എന്റെ പ്രിയപ്പെട്ട പിതാവ്. ഇസ്ലാമികത വിട്ടൊരു ജീവിതം അദ്ദേഹത്തിന് ഉണ്ടായിരുന്നില്ല. വേഷത്തിലും ഭാവത്തിലും അത് പ്രതിഫലിച്ചിരുന്നു. അത്പോലെ തന്നെ മക്കളായ ഞങ്ങളെയും ആ ചട്ടക്കൂട്ടിൽ കർക്കശമായിത്തന്നെ വളർത്തിയത്. തിരുവായ്ക്ക് എതിർവയില്ലായിരുന്നു. എന്നിരുന്നാലും നല്ലമകനും, നല്ല സഹോദരനും, ഉത്തമനായ ഭർത്താവും സ്നേഹനിധിയായ പിതാവും നല്ലൊരു ആതിഥേയനും സമൂഹത്തിൽ സമുന്നതനും സ്വാഭിമാനിയും ആയ ഒരു മഹദ് വ്യക്തിത്വത്തിന്റെ അനിർവചനീയനായിരുന്നു എന്നു പറഞ്ഞ അവസാനിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. എന്റെ റോൾ മോഡൽ എപ്പോഴും എന്റെ പിതാവ് തന്നെ ആയിരുന്നു. ഇത്തരുണത്തിൽ അദ്ദേഹത്തിന്റെ എല്ലാ സുഹൃത്തുക്കളെയും മനസ്സാസ്മരിക്കുന്നു. അള്ളാഹു അദ്ദേഹത്തിന് ജന്നത്തുൽ ഫിർദൗസിൽ പ്രവേശനം നൽകി അനുഗ്രഹിക്കട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിച്ചു കൊണ്ട് നിർത്തുന്നു.

# എന്റെ പ്രിയപ്പെട്ട മട്ടാഞ്ചേരി

ആദം അയുബ്






നാടെവിടെയാണ് എന്ന് ആരെങ്കിലും ചോദിച്ചാൽ ഇന്നും എന്നും ഞാൻ അഭിമാനത്തോടെ പറയും "മട്ടാഞ്ചേരി" എന്ന്. മറ്റുള്ളവർ എന്നെ അത്ഭുതത്തോടെ നോക്കും. മട്ടാഞ്ചേരി ഒരു വിചിത്ര നഗരമായതു കൊണ്ടല്ല, മട്ടാഞ്ചേരി ഒരു 'കുപ്രസിദ്ധ' നഗരമായതു കൊണ്ടാണത്. മട്ടാഞ്ചേരിയിൽ ജനിച്ചു വളർന്നവർ പോലും സ്വന്തം നാട് മട്ടാഞ്ചേരി ആണെന്ന് പറയാൻ ഇഷ്ടപ്പെടുന്നില്ല. എല്ലാവരും പറയുന്നത് ഫോർട്ട് കൊച്ചി എന്നാണ്. പനയപ്പള്ളിയിൽ താമസിക്കുന്നവരും ചുള്ളിക്കലിൽ താമസിക്കുന്നവരും പറയുന്നത് വീട് ഫോർട്ട് കൊച്ചിയിലാണ് എന്നാണ്. കാരണം അറബികടലിന്റെ റാണിയായ മട്ടാഞ്ചേരിക്ക് ഇന്ന് ഒരു ദുഷ്പേരുണ്ട്. മലയാള സിനിമ വരുത്തിവെച്ച ഒരു വിനയാണത്. മട്ടാഞ്ചേരി കള്ളന്മാരുടെയും കള്ളക്കടത്തുകാരുടെയും, ഗുണ്ടകളുടെയും നാടാണ് എന്നാണ് മലയാള സിനിമ ആവർത്തിച്ചാവർത്തിച്ചു പറഞ്ഞ് കൊണ്ടിരിക്കുന്നത്. "മട്ടാഞ്ചേരിയിൽ നിന്നും ഗുണ്ടകളെ ഇറക്കുമതി ചെയ്യും", " മട്ടാഞ്ചേരിയിലെ മാഫിയ"..ഇതൊക്കെ മലയാള സിനിമയിലെ സ്ഥിരം ഡയലോഗുകളാണ്. സംസ്കാരങ്ങളുടെ സംഗമ ഭൂമിയായ, സഹോദര്യത്തിന്റെ സർവോത്തമ മാതൃകയായ മട്ടാഞ്ചേരിയെ എത്ര നികൃഷ്ടമായാണ് സിനിമാക്കാർ അവതരിപ്പിക്കുന്നത്. സ്വന്തം നാട്ടുകാർക്ക് പോലും ആ നാടിന്റെ പേര് പറയാൻ നാണക്കേടായി. പക്ഷെ ഞാൻ എന്റെ മട്ടാഞ്ചേരിയേ സ്നേഹിക്കുന്നു. ഞാൻ എവിടെയും അഭിമാനത്തോടെ പറയും, ഞാൻ മട്ടാഞ്ചേരിക്കാരനാണെന്നു. എന്നാൽ ഒരു കാര്യം സമ്മതിക്കാം. ഒരു കാലത്ത് മട്ടാഞ്ചേരി കള്ളക്കടത്തിന്റെ കേന്ദ്രമായിരുന്നു. അത് പക്ഷെ ഇന്ത്യയിലെ എല്ലാ തുറമുഖ നഗരങ്ങളും അങ്ങിനെ തന്നെ ആയിരുന്നു. ഭരണ നേതൃത്വം സ്വയം അഴിമതിക്കാരായപ്പോൾ, കള്ളക്കടത്ത് ഒരു വ്യവസായമായി തഴച്ചു വളർന്നു. എന്റെ ചെറുപ്പത്തിൽ, എന്റെ സഹപാഠികളോട്, " ബാപ്പാക്ക് എന്താ ജോലി ?" എന്ന് ചോദിച്ചാൽ പല കുട്ടികളും അഭിമാനത്തോടെ പറയും "സ്മഗ്ലിംഗ്" എന്ന്. അവരുടെ കൈത്തണ്ടയിൽ, തിളങ്ങുന്ന വിദേശ നിർമ്മിത വാച്ചുണ്ടായിരിക്കും. അവർ ധരിച്ചിരിക്കുന്നത് പളപളാ തിളങ്ങുന്ന പീജി സിൽകിന്റെ റെഡി മേഡ് ഷർട്ട് ആയിരിക്കും.

അത് മട്ടാഞ്ചേരിയുടെ സുവർണ്ണ കാലമായിരുന്നു. തിരക്കുള്ള ഒരു തുറമുഖം എന്ന നിലയിൽ മട്ടാഞ്ചേരി എന്നും സജീവമായിരുന്നു, സംബന്നവുമായിരുന്നു. വിദേശ നിർമിത വസ്തുക്കൾ എല്ലായിടത്തും എപ്പോഴും സുലഭമായിരുന്നു. നിയമം നടപ്പാക്കേണ്ടവർ കണ്ണടച്ചതിനാലാവണം, കള്ളക്കടത്ത് തഴച്ചു വളർന്നത്. നിയമ നിർവഹണ സംവിധാനങ്ങൾ കാര്യക്ഷമമായതോടെ, കള്ളക്കടത്ത്, മട്ടാഞ്ചേരിയിൽ നിന്ന് മാത്രമല്ല, ഇന്ത്യൻ തുറമുഖങ്ങളിൽ നിന്നെല്ലാം അപ്രത്യക്ഷമായി.

വിമാന സർവീസുകൾ സാർവത്രികമായതോടെ, കള്ളക്കടത്തിനു പുതിയ വാതായനങ്ങൾ തുറന്നു. കള്ളക്കടത്ത് വിമാനമാർഗ്ഗമായി. മട്ടാഞ്ചേരി അതിൽ നിന്നും മുക്തമായെങ്കിലും, സിനിമാക്കാർ കനിഞ്ഞു നൽകിയ ദുഷ്പേര് എന്റെ പാവം മട്ടാഞ്ചേരി ഇന്നും പേറാൻ വിധിക്കപ്പെട്ടിരിക്കുന്നു.

എന്നാൽ മട്ടാഞ്ചേരിയുടെ യശസ്സ് നൂറ്റാണ്ടുകൾക്കു മുൻപേ ലോകത്തിന്റെ ശ്രദ്ധയാകർഷിച്ചിരുന്നു. കടലുകൾ താണ്ടി എത്ര വിദേശികളാണ് കച്ചവടാർത്ഥം കൊച്ചിയിലെത്തിയത് ! (അന്ന് കൊച്ചി എന്ന് പറഞ്ഞാൽ മട്ടാഞ്ചേരി ആയിരുന്നു. ഏറണാകുളം അന്ന് നിഷ്പ്രഭമായ ഒരു 'കുളം' മാത്രമായിരുന്നു). അറബികൾ, ചൈനാക്കാർ പോർച്ചുഗീസുകാർ ഡച്ചുകാർ ബ്രിട്ടീഷുകാർ, അങ്ങിനെ എത്രയെത്ര വിദേശികൾ ഇവിടെ വന്നു പോയി. അതിന്റെയെല്ലാം ശേഷിപ്പുകൾ ഇന്നും മട്ടാഞ്ചേരിയുടെ വിരിമാറിൽ തെളിഞ്ഞു കിടപ്പുണ്ട്. എത്രയെത്ര സംസ്കാരങ്ങളുടെ സംഗമ ഭൂമിയായിരുന്നു ഇത്...അതിന്റെയെല്ലാം ചരിത്ര സ്മാരകങ്ങൾ ഇന്നും ഇവിടെ തല ഉയർത്തി നിൽക്കുന്നു. ഇന്നും ഈ കൊച്ചു പ്രദേശത്ത് എത്ര വ്യത്യസ്ഥരായ സമൂഹങ്ങളാണ് അധിവസിക്കുന്നത് ! അറബി പൈതൃകമുള്ള മുസ്ലിം കുടുംബങ്ങൾ, ബ്രിട്ടീഷുകാരുമായുള്ള ബന്ധത്തിൽ നിന്നും ആഗ്ലോ ഇന്ത്യൻസ്, പോർചുഗീസുകാരുടെ പൈതൃകം പേറുന്ന പറങ്കികൾ, ഗുജറാത്തികൾ, കൊങ്കണികൾ, ജൂതന്മാർ, ഗുജറാത്തിലെ കച്ചിൽ നിന്നും കുടിയേറിപ്പാർത്ത കച്ഛീക്കാർ, ഉർദു സംസാരിക്കുന്ന പട്ടാണികൾ, പഞ്ജാബി സംസാരിക്കുന്ന സിഖുകാർ. ഹിന്ദി സംസാരിക്കുന്ന ഉത്തരേന്ത്യക്കാർ....എത്ര വൈജാത്യമുള്ള ഭാഷകളാണ് ഇവിടെ സംസാരിക്കപ്പെടുന്നത് ! മലയാളം കൂടാതെ ഇവിടെ ഇന്നും സംസാരിക്കപ്പെടുന്ന ഭാഷകൾ, ഇംഗ്ലീഷ്, ഹിന്ദി, ഗുജറാത്തി, പഞ്ജാബി, കൊങ്കണി, തമിഴ്, കച്ചി, ഹീബ്രു, അറബി, ഉർദു,.....ഇത് അന്യ സംസ്ഥാന തൊഴിലാളികൾ കുടിയേറുന്നതിനു മുന്പെയുള്ള സ്ഥിതിയാണ്. ഇന്ന് കേരളം മുഴുവൻ ഒരു കൊച്ചു ഭാരതമാണല്ലോ. ഹിന്ദി അറിയാതെ ഇന്ന് കേരളത്തിൽ ജീവിക്കാൻ പറ്റാത്ത അവസ്ഥയാണ്. മട്ടാഞ്ചേരിയും ഫോർട്ട് കൊച്ചിയും അടങ്ങുന്ന, കേവലം നാലര കിലോമീറ്റർ ചുറ്റളവിലാണ് ഈ വൈവിധ്യങ്ങൾ എല്ലാം സമ്മേളിച്ചിരിക്കുന്നത് എന്നറിയുമ്പോഴാണ് ഈ ദേശം ഒരുപക്ഷെ ലോകത്തിൽ തന്നെ അത്യപൂർവമാകുന്നത്. മേൽപ്പറഞ്ഞ എല്ലാ വിഭാഗങ്ങൾക്കും അവരവരുടെ ആരാധനാലയങ്ങളും ഈ കൊച്ചു പ്രദേശത്ത് നിലനിൽക്കുന്നു എന്നത്, മട്ടാഞ്ചേരിയുടെ സഹവർതിത്വത്തിന്റെയും സാഹോദര്യത്തിന്റെയും ഉദാത്തമായ ഉൽഘോഷണമാണ്. അതിന് ചരിത്രം നന്ദി പറയേണ്ടത് കൊച്ചി രാജവംശത്തോടാണ്. അഭയം തേടി വന്നവരേയും കച്ചവടാർത്ഥം വന്നവരേയും കൊച്ചി രാജാക്കന്മാരും പ്രജകളും രണ്ട് കൈയും നീട്ടി സ്വീകരിച്ചു. അവർക്കെല്ലാം താമസത്തിനും ആരാധനയ്ക്കും സൌകര്യങ്ങൾ ചെയ്തു കൊടുത്തു. അങ്ങിനെയാണ് ജൂതന്മാർക്ക് ജൂ ടൌണും, കൊങ്ങിണികൾക്ക് ചെറളായിയും, കച്ഛീക്കാർക്ക് കൊച്ചങ്ങാടിയും ഉണ്ടായത്.

മട്ടാഞ്ചേരിയിൽ വന്നു പോയ വിദേശികളൊക്കെ അവരുടെ കാൽപ്പാടുകൾ ഈ ചരിത്ര ഭൂമിയിൽ പതിപ്പിചിട്ടാണ് കടന്നു പോയത്. അവർ ഇവിടെ നിർമ്മിച്ച കോട്ടകളും, കൊട്ടാരങ്ങളും ദേവാലയങ്ങളും ഇന്നും മട്ടാഞ്ചേരിയുടെ സ്ഥാനം ചരിത്രത്തിൽ അടയാളപ്പെടുത്തുന്നു. സ്വാതന്ത്ര്യ ലബ്ധിക്ക് ശേഷവും ദീർഘനാൾ മട്ടാഞ്ചേരിയിൽ തുടരുകയും പതിറ്റാണ്ടുകൾക്ക് മുൻപ് മാത്രം ഇന്ത്യ ഉപേക്ഷിച്ചു പോവുകയും ചെയ്ത ഒരു വിഭാഗമാണ് ജൂതന്മാർ. എന്റെ ഹൈ സ്കൂൾ വിദ്യാഭ്യാസം ഏറണാകുളം എസ്.ആർ.വി ഹൈ സ്കൂളിലായിരുന്നു. മട്ടാഞ്ചേരിയിൽ താമസിക്കുന്ന ഞാൻ ബോട്ടിലാണ് ദിവസവും സ്കൂളിൽ പോയിരുന്നത്. എന്നോടൊപ്പം രണ്ട് ജൂത പെൺകുട്ടികളും ബോട്ടിൽ സ്ഥിരമായി യാത്ര ചെയ്യാറുണ്ടായിരുന്നു. കൊച്ചി കായലിലൂടെ ഓടുന്ന, "ഹിമാലയ" എന്ന സർക്കാർ ബോട്ടിന്റെ അപ്പർ ഡെക്കിലുള്ള ഫസ്റ്റ് ക്ലാസ്സിലാണ് ഞങ്ങൾ യാത്ര ചെയ്യുക. ഞങ്ങൾ എന്ന് വെച്ചാൽ, ഒരു പാട് സ്കൂൾ-കോളേജ് വിധ്യാർതികൾ ഏഴാം ക്ലാസ് മുതൽ കോളേജ് വിദ്യാഭ്യാസം പൂർത്തിയാക്കുന്നത് വരെ ഞാൻ ഏറണാകുളത്താണ് പഠിച്ചത്. മട്ടാഞ്ചേരിയിൽ നിന്ന് ഏറണാകുളം വരെയുള്ള യാത്ര എന്നും ബോട്ടിലാണ്. അതിനു കാരണം വിദ്യാർഥികൾക്ക് ബോട്ടി**ൽ** യാത്ര സൌജന്യമാണ്. പശ്ചിമ കൊച്ചിയിൽ നിന്നും എറണാകുളത്തു പോയി പഠിക്കുന്ന വിദ്യാർഥികൾക്കുള്ള ഒരു പ്രോത്സാഹനമാണ് സർക്കാരിന്റെ ഈ സൌജന്യ പാസ്. യാത്ര സൌജന്യമാക്കി തന്നത് പോരാഞ്ഞിട്ട്,

ഞങ്ങൾ എല്ലാവരും ഫസ്റ്റ് ക്ലാസ്സിലേ യാത്ര ചെയ്യൂ. വിദ്യാർഥികളുടെ എണ്ണം കൂടുതൽ ആയതിനാലും, പൊതുവേ ഫസ്റ്റ് ക്ലാസ്സിൽ യാത്രക്കാർ കുറവായതിനാലും മിക്ക ബോട്ട് മാഷ്മാരും (ടിക്കറ്റ് ചെക്കർമാർ) ഞങ്ങളുടെ ഈ ധിക്കാരം അവഗണിക്കുകയാണ് പതിവ്. സ്വർണ്ണ നിറമുള്ള മുടിയും പൂച്ചക്കണ്ണ്കളുമുള്ള " വെള്ളക്കാരായ" ആ രണ്ടു ജൂത പെൺകുട്ടികളാണ്, "ഇന്ത്യക്കാരായ" ഞങ്ങളിൽ നിന്നും എന്നും വേറിട്ട് നിന്നിരുന്നത്. ഇടയ്ക്കൊക്കെ ബോട്ടിൽ കയറുന്ന വിദേശി ടൂറിസ്റ്റുകളെപോലെ ഞങ്ങളോടൊപ്പം ദിവസേന യാത്ര ചെയ്യുന്ന സ്വദേശി "വെള്ളക്കാർ ആയിരുന്നു അവർ. എന്നാൽ കൊച്ചിയിലെ ജൂതന്മാർ എല്ലാം വെള്ളക്കാർ ആയിരുന്നില്ല. ജൂതന്മാരിൽ വെളുത്തവരും കറുത്തവരും ഉണ്ടായിരുന്നു.കൊല്ലത്ത് നിന്നും കൊച്ചിയിലേക്ക് വന്നവരാണ് കറുത്ത ജൂതർ. വെളുത്ത ജൂതർ യൂറോപ്പിൽ നിന്ന് കുടിയേറിയവരും. അവരെ പരദേശി ജൂതന്മാർ എന്നാണ് വിളിച്ചിരുന്നത്.

കൂടാതെ ഇറാക്കിൽ നിന്ന് കുടിയേറിയ ബാഗ്ദാദി ജൂതന്മാരും ഉണ്ടായിരുന്നു.

കറുത്ത ജൂതരിൽപ്പെട്ടവനായിരുന്നു, ബോട്ട് മാസ്റ്റർ ആയ "കോച്ച". കൊച്ചിയുടെ സ്വതസിദ്ധമായ ശൈലിയിൽ മലയാളം സംസാരിക്കുന്ന കോച്ചാ മാഷ് വിദ്യാർഥികളുടെം പ്രിയങ്കരനായിരുന്നു..ജോലിയിൽ നിന്നും റിട്ടയർ ആയതിനു ശേഷം അദ്ദേഹവും ഇസ്രായേലിലേക്ക് പോയി. ബാഗ്ദാദി ജൂതനായ എസ്. കോടർ ആയിരുന്നു കൊച്ചിയിലെ ജൂതന്മാരിൽ പ്രമാണി. അദ്ദേഹം കൊച്ചിയിലെ വ്യവസായ പ്രമുഖൻ ആയിരുന്നു. മട്ടാഞ്ചേരിയിലെ വൈദ്യുതി വിതരണം പോലും നടത്തിയിരുന്നത് സാമുവേൽ കോടറിന്റെ കൊച്ചിൻ ഇലക്റ്റ്റിക്ക് കമ്പനി എന്ന സ്വകാര്യ സ്ഥാപനമായിരുന്നു. ഇന്നത്തെ വൻകിട മാളുകളോട് ഉപമിക്കാവുന്ന കൊച്ചിയിലെ ആദ്യത്തെ വലിയ ഡിപാർട്ടുമെന്റൽ സ്റ്റോർ തോപ്പുംപടിയിലെയും, എറണാകുളത്തെയും എസ്.കോടർ ആന്റ് കമ്പനി ആയിരുന്നു. എസ്. കോടർ നെതർലാണ്ട്സിന്റെ ഓണററി കോൺസൽ ആയിരുന്നു. കൊച്ചിയിൽ ആദ്യമായി ഫ്രീമാസൻ സൊസൈറ്റി രൂപികരിച്ചതും കോടർ ആയിരുന്നു.

എന്റെ ബാല്യകാലസ്മരണകളിൽ മുഴച്ചുനിൽക്കുന്ന മറ്റൊരു സ്ഥലം മട്ടാഞ്ചേരിയിലെ സ്റ്റാർ ടാക്കീസ് ആണ്. സിനിമയിലുള്ള എന്റെ അഭിനിവേശം ജനിപ്പിച്ചത് ഈ തിയേറ്ററിൽ ഞാൻ കണ്ട അസംഖ്യം ഹിന്ദി സിനിമകൾ ആയിരുന്നു. വാസ്തവത്തിൽ എനിക്ക് കൂടുതൽ മാനസികമായ അടുപ്പം തോന്നേണ്ടത് റോയൽ ടാക്കീസിനോടായിരുന്നു. കാരണം ഒരിക്കൽ അതിന്റെ ഉടമസ്ഥൻ എന്റെ മാതാമഹൻ (ഉമ്മയുടെ പിതാവ്-നാനാപ്പ) ആയ അബ്ദുൽ സത്താർ സേട്ട് ആയിരുന്നു. "ബാലൻ" എന്ന ആദ്യ മലയാള ശബ്ദ ചിത്രത്തിന്റെ ആദ്യ പ്രദർശനവും ഇവിടെ ആയിരുന്നു. അങ്ങിനെ മലയാള സിനിമയുടെ ചരിത്രത്തിൽ സ്ഥാനം നേടിയ തിയേറ്റർ ആയിരുന്നു മട്ടാഞ്ചേരിയിലെ റോയൽ ടാക്കീസ്. വിതരണക്കാരനും പ്രദർശനക്കാരനുമായ എന്റെ നാനാപ്പയും അങ്ങിനെ മലയാള സിനിമയുടെ ചരിത്രത്തിന്റെ ഭാഗമായി. ഞാൻ ജനിക്കുനതിനു മുൻപേ അദ്ദേഹം തിയേറ്റർ വിൽക്കുയും, ഞാൻ കൊച്ചുകുട്ടി ആയിരിക്കുമ്പോൾ തന്നെ അദ്ദേഹം മരിക്കുകയും ചെയ്തു. റോയൽ ടാക്കീസിൽ കൂടുതലും മലയാളം, തമിഴ് സിനിമകളാണ് പ്രദർശിപ്പിച്ചിരുന്നത്. എനിക്ക് ഹിന്ദി സിനിമകളോടായിരുന്നു കമ്പം. അതുകൊണ്ടാണ് സ്റ്റാർ ടാക്കീസ് എന്റെ പ്രിയ തിയേറ്റർ ആയത്.

സിനിമയെക്കുറിച്ച് പറയുമ്പോൾ മലയാളസിനിമയെ ഇന്ത്യൻ സിനിമയുടെ നെറുകയിൽ എത്തിച്ച രണ്ട് പ്രതിഭാശാലികളെക്കുറിച്ചു പറയാതിരിക്കാനാവില്ല. "നീലക്കുയിൽ" എന്ന സിനിമയിലൂടെ ദേശീയ അവാർഡ് കേരളത്തിലെത്തിച്ച നിർമ്മാതാവ് ടി.കെ.പരീക്കുട്ടിയും, "ചെമ്മീൻ" എന്ന ചിത്രതിലൂടെ മലയാള സിനിമയെ അന്തർദേശീയ തലത്തിൽ എത്തിച്ച ബാബു സേട്ടും മട്ടാഞ്ചേരിയുടെ അഭിമാനങ്ങളാണ്. സിനിമാ പോലെത്തന്നെ മട്ടാഞ്ചേരിയുടെ സംഗീതപ്പെരുമയും പ്രസിദ്ധമാണ്. സംഗീതം മട്ടാഞ്ചേരിക്കാരുടെ രക്തത്തിൽ അലിഞ്ഞു ചേർന്നതാണ്. പാപ്പുക്കുട്ടി ഭാഗവതർ,യേശുദാസ്, മെഹബൂബ്, അർജ്ജുനൻ മാസ്റ്റർ, ജെറി അമൽദേവ്, സീറോ ബാബു, കൊച്ചിൻ ഇബ്രാഹിം, ഉമ്പായി, കൊച്ചിൻ ആസാദ്, അഫ്സൽ തുടങ്ങിയവർ മട്ടാഞ്ചേരിയുടെ സംഗീത പാരമ്പര്യത്തിന്റെ ഉത്തമ നിദാനങ്ങളാണ്. നാടകത്തിലും മട്ടാഞ്ചേരിക്ക് മഹത്തായ ഒരു പാരമ്പര്യമുണ്ട്.

കായലും കടലും മൂന്ന് അതിരുകൾ തീർക്കുന്ന മട്ടാഞ്ചേരി, അറബിക്കടലിന്റെ റാണിയാണെങ്കിലും, വികസനത്തിന്റെ കാര്യത്തിൽ എന്നും അധികൃതരുടെ അവഗണന നേരിടുന്ന ഹതഭാഗ്യയാണ്. എറണാകുളം നഗരം നാല് ഭാഗത്തേക്കും വികസിക്കുമ്പോൾ, മൂന്ന് ഭാഗവും ജലത്താൽ ചുറ്റപ്പെട്ട മട്ടാഞ്ചേരിക്ക് വികസിക്കാൻ ഇടമില്ല. പർപ്പിടമാണ് മട്ടാഞ്ചേരിയുടെ ഏറ്റവും വലിയ പ്രശ്നം. ജനസംഖ്യ വർധിക്കുന്നതനുസരിച്ച് ഭൂമിയുടെ വിസ്തീർണ്ണം വർധിക്കുന്നില്ലല്ലോ. ഞെങ്ങിയും ഞെരങ്ങിയുമാണെങ്കിലും നമ്മൾ മട്ടാഞ്ചേരിക്കാർ ഉള്ള സ്ഥലത്ത് ഒരുമയോടെ കഴിയുന്നു. ഇന്ത്യയുടെ ഒരു കൊച്ചു പരിച്ച്ചേദമായ മട്ടാഞ്ചേരി, കടൽ കടന്നെത്തുന്നവർക്കും കരയിലൂടെത്തുന്നവർക്കും സംഗീത സാന്ദ്രമായ സ്വാഗതം ഓതിക്കൊണ്ട് ഒരു മണവാട്ടിയെപോലെ നാണം കുണുങ്ങി നിൽക്കുന്നു.

" പാതി കൊച്ചീക്കാരും പാതി കച്ഛീക്കാരും കൂടെ പോണത് കാണാൻ എന്തൊരു ചേല്

==============================

# മുഹമ്മദ് ജാഫർ ഹസ്സൻ സേട്ട് എന്ന മനുഷ്യ സ്നേഹി.



**ഹാരിസ് സേട്ട്**
**- ആലപ്പുഴ**

ഗുജറാത്തിലെ കച്ചിൽ നിന്നും വന്ന വ്യവസായി ഹസ്സൻ ഹാജി ഹാറൂൺ സേട്ടിന്റെ മകൻ മുഹമ്മദ് ജാഫർ ഹസ്സൻ സേട്ട്, ആലപ്പുഴക്കാരുടെ പ്രിയപ്പെട്ട ജാനീ സേട്ട്.യൗവ്വനത്തിൽ തന്നെ പിതാവിന്റെ ജൗളി വ്യാപാരത്തിൽ സജീവമാകകയും കോട്ടയത്തും, തിരുവനന്തപുരത്തും വ്യാപാരം വിപുലപ്പെടുത്തുകയും ചെയ്തു. അദ്ദേഹം ഏറെ സ്നേഹിച്ചിരുന്നതും താമസിച്ചിരുന്നതും ആലപ്പുഴയിൽ തന്നെയായിരുന്നു. അദ്ദേഹവും അദ്ദേഹത്തിന്റെ പിതാവും വ്യാപാരത്തിൽ നിന്നും ലഭിക്കുന്ന അധിക വരുമാനം സമൂഹനന്മക്കായിട്ടാണ് ചില വഴിച്ചിരുന്നത്.

ഇരുപത്തി രണ്ടാമത്തെ വയസ്സിൽ പിതാവിനോടൊപ്പം വ്യാപാരത്തിൽ ഏർപ്പെടുകയും നാല്പത്തി രണ്ടാമത്തെ വയസ്സിൽ ഈ ലോകത്തോട് വിട പറയുകയും ചെയ്തു. അന്ന് അദ്ദേഹം താമസിച്ചിരുന്നത് YMMA സ്കൂളിന് തൊട്ടു വടക്കവശത്തു തന്നെയായിരുന്നു. (ഇന്നത്തെ വൃന്ദാവൻ ലോഡ്ജ്)

അദ്ദേഹം ആലപ്പുഴയുടെ സമൂഹത്തിന് നല്കിയ സംഭാവനകൾ വളരെ വളരെ വലുതാണ്, അവയിൽ ചിലത് :

യംങ്ങ് മേമൻ മുസ്ലിം അസോസ്സിയേഷൻ സ്കൂൾ എന്ന Y. M. M. A LP school

സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ ഹബീബുള്ള വാർഡ്.

ആലപ്പുഴ വട്ടപ്പള്ളിയിലും , കോട്ടയത്തും നിർമ്മിച്ചു നല്കിയ പള്ളികൾ.

ആലപ്പുഴയിൽ നഗരപിതാവ് ആയിരുന്നപ്പോൾ നല്കിയ നഗരസഭാ കെട്ടിടം.

ഇവയൊക്കെ ഇന്നും അനശ്വരമായി നിലനില്ക്കുന്നത് തന്നെയാണ് ആ മഹാത്മാവിന്റെ പുണ്യം. അതിനാൽ തന്നെ അദ്ദേഹം ഇന്നും ആലപ്പുഴയുടെ പഴയ തലമുറക്ക് അവരുടെ പ്രിയപ്പെട്ട ജാനീസേട്ടയി ഓർമ്മിക്കപ്പെട്ടുന്നു.

കോട്ടയത്തുകാരുടെ മനസ്സിലും അദ്ദേഹത്തിന്റെ സ്ഥാനം വളരെ വലുതാണ്, 1955ൽ അദ്ദേഹത്തിന്റെ മകന്റെ വിവാഹത്തിന് കോട്ടയം ടൗൺ മസ്ജിദ് കമ്മിറ്റി അന്ന് വധുവരന്മാരെ ആശംസിച്ചു കൊണ്ടിറക്കിയ വിവാഹ മംഗളോപഹാരം അതിന്റെ തെളിവാണ്.



**ജാഫർ സേട്ട്**

ഒരു പാട് കാര്യങ്ങൾ ചെയ്യാൻ ബാക്കി നില്ക്കെ ഈ ലോകത്തോട് യാത്രയായ ആ വലിയ വ്യക്തിത്വത്തിന് കൊടുക്കുന്ന വലിയ ആദരവാണ് YMMA LP സ്കൂൾ ലജ്നത്തുൽ മുഹമ്മദിയ ഏറ്റെടുത്ത് അദ്ദേഹത്തിന്റെ നാമധേയം നിലനിർത്തുന്നു എന്നത്. ഒരു കച്ചീ മേമൻ സമുദായാഗം എന്ന നിലയിലും ആ വിദ്യാലയത്തിലെ ഒരു പൂർവ്വ വിദ്യാർത്ഥി എന്ന നിലയിലും ലജ്നത്തുൽ മുഹമ്മദിയയുടെ എല്ലാ അംഗങ്ങൾക്കും എന്റെ ഹൃദയം നിറഞ്ഞ നന്ദിയും സ്നേഹാദരവും പ്രകടിപ്പിക്കുന്നു.

———————————————————

ജെ.എം.
ഇബ്രാഹിം സേട്ട്



'ജാനേക്യാതൂനേകഹീ',എന്ന
താളത്തിൽ......കച്ഛീ ഗാനം.

ജാനീബാ കഢേ അച്ചീൻദാ
ജിംബൂമാ കഢേ അച്ചീൻദി
വാപ്പു സവാരെ അച്ചീൻദോ
പരിയേ വാപസ് ഒസോൻദോ
(ജാനി)
ഫട്ടാഫട്ട് ഛോകരീനാരി
ടേവാടേവീ പൊഛീ...കരീ
വിയാൻഭീ നെക്കീ...കരീ
വാപ്പു പര്യേൻഒസോൻദോ..
(ജാനി)
സിഖേൽ പടേൽ ജറൂർഹപ്പെ
പൈസാകീംഭീ ജറൂർ നായെ
വിയാൻ ജൽദീ കർനോ ആയെ
ആയീൻ കഢേൻ അച്ചീൻദാ....
(ജാനി).



# മകൻ



By Mrs Hajira Bai

വൃദ്ധസദനത്തിലെ അന്തേവാസിയായ ഭാനുമതിയമ്മയുടെ ചിന്തകൾ കഴിഞ്ഞുപോയ സംഭവങ്ങളിലേയ്ക്ക് ചിറകടിച്ച് പൊയ്ക്കൊ ിരുന്നു.

ഇന്ന്, തന്നെ ഇവിടെ നിന്നും കൂട്ടിക്കൊ ുപോകാനും, ഇനിയുള്ള കാലം സംരക്ഷിച്ചുകൊള്ളാമെന്നും പറഞ്ഞ് എത്തിയിരിക്കുന്ന മകൻ ബാലു എന്ന ബാലഗോപൻ. തന്നെ അന്വേഷിച്ച് കുടുംബവീട്ടിലും, മറ്റു പലയിടത്തും അന്വേഷിച്ച് അവസാനം ഇവിടെയാണെന്നറിഞ്ഞ് വന്നതാണ്. സ്വന്തം അമ്മ എന്ന ധാരണയിലാണ് അവൻ സംസാരിക്കുന്നതും കൂടെ ചെല്ലാൻ നിർബന്ധിക്കുന്നതും. അവനറിഞ്ഞിട്ടില്ല, അവനെ പ്രസവിച്ച അമ്മ ഞാനല്ലാ എന്ന്. താൻ നൊന്ത് പ്രസവിച്ച മകന് അമ്മയെ വേ ാത്ത സ്ഥിതിയ്ക്ക് സ്വന്തം അമ്മയല്ലയെന്നറിഞ്ഞിരിന്നെങ്കിൽ, ഇത്രയും നിർബന്ധിക്കില്ലായിരുന്നു. ഒരു പക്ഷേ, അവനന്വേഷിച്ചിച്ച് വരികപോലും ചെയ്യില്ലായിരുന്നു.

തന്റെ വിവാഹം കഴിഞ്ഞ് വർഷങ്ങൾ പലതായിട്ടും ഒരു കുഞ്ഞിക്കാലു കാണാൻ കഴിയാത്ത ദുഃഖത്തിൽ ചികിത്സയും വഴിപാടുമായി കഴിയുകയായിരുന്നു. ബാലുവിനെ പ്രസവിച്ച ചേട്ടത്തിയമ്മ പ്രസവത്തിൽ മരണമടഞ്ഞപ്പോൾ, ചേട്ടൻ തന്റെ ചോര കുഞ്ഞിനെ തന്റെ കൈകളിലേല്പിച്ച് നാടുവിട്ട് പോയി. വിഷുവിന്റന്ന് രാവിലെ എനിയ്ക്ക് ലഭിച്ച വിഷുക്കണിയായി കരുതി. വില മതിക്കാത്ത സമ്പത്തായി. ജീവന് തുല്യം സ്നേഹിച്ചു വളർത്തി. വിശ്വേട്ടനും അവനെ വലിയ സ്നേഹമായിരുന്നു.

എന്നാൽ ബാലുവിന് ര ് വയസ്സ് പ്രായമായപ്പോഴാണ് മോഹനനെ പ്രസവിച്ചത്. അതോടെ മോഹൻ മാത്രമായി തനിക്കെല്ലാം. ബാലു അധികപ്പറ്റും. മോഹനനോടുള്ള സ്നേഹം കൂടുകയും ബാലുവിനോടുള്ള സ്നേഹം കുറയുകയും ചെയ്തു കൊ ിരുന്നു. ബാലുവിനോടുള്ള അകൽച്ചയും വെറുപ്പും അധികരിച്ചു കൊ ിരുന്നു. അവനെ വിശ്വേട്ടൻ സ്നേഹിക്കുന്നതും ലാളിക്കുന്നതും തനിക്കിഷ്ടമല്ലായിരുന്നു. അതേചൊല്ലി വഴക്കും ഉ ായിട്ടു ്. തൊട്ടതിനും പിടിച്ചതിനും അകാരണമായി കുറ്റപ്പെടുത്തുകയും പ്രായം നോക്കാതെ ദേഷ്യപ്പെടുകയും ശിക്ഷിക്കുകയും ചെയ്തിരുന്നു. അമ്മയില്ലാത്ത കുട്ടിയാണെന്നുപോലും ചിന്തിച്ചിരുന്നില്ല. അവന്റെ പ്രായത്തിൽ കവിഞ്ഞുള്ള ജോലികളും ചെയ്യിച്ചിരുന്നു. ബാലു അനുസരണയുള്ള കുട്ടിയായിരുന്നു. എന്തുപറഞ്ഞാലും അനുസരണയോടെ ചെയ്യാൻ ശ്രമിക്കും. പരാജയപ്പെടുമ്പോൾ താനവനെ ദേഷ്യപ്പെടുകയും ശിഷിക്കുകയും ചെയ്തിരിന്നു. പിന്നെ പിന്നെ പല ജോലികളും എന്നെ സഹായിക്കാനാണെന്നും അവന്റെ ഉത്തരവാദിത്തമാണെന്നും കരുതി ആവശ്യപ്പെടാതെ തന്നെ ചെയ്യുമായിരുന്നു.

ഭക്ഷണം, വസ്ത്രം, കളിക്കോപ്പുകൾ തുടങ്ങി മികച്ച നിലവാരമുള്ളതെല്ലാം സ്വന്തം മകനും, മോശപ്പെട്ടതും പഴയതുമൊക്കെ ബാലുവിനും. എന്നാൽ ഒരു കാര്യത്തിനും ബാലുവിന് പിണക്കമോ, പരിഭവമോ ഇല്ലായിരുന്നു.

സർക്കാർ സ്കൂളിൽ മലയാളത്തിൽ പഠിച്ച ബാലു സ്കൂൾ ഫൈനലിനും പ്ലസ് ടുവിനും ഉയർന്ന റാങ്കോടെ പാസ്സായെങ്കിലും താനവനെ തുടർന്ന് പഠിക്കാനനുവദിക്കാതെ ഒരു കാർ വർക്ക് ഷോപ്പിൽ പണിക്കയച്ചു. അദ്ധ്വാന ശീലം ക ് ഇഷ്ടപ്പെട്ട് ഡോ. രാംദേവ് അവനെ തന്റെ സഹായി ആക്കി കൂട്ടികൊ ് പോയി. എങ്ങിനെയും ശല്യം ഒഴിഞ്ഞുകിട്ടിയാൽ മതിയെന്ന് കരുതി അവന് അനുവാദം കൊടുത്തു. പിന്നീട് അവനെക്കുറിച്ച് ഒന്നും അറിയില്ലായിരുന്നു,

അതേസമയം, മുന്തിയ പ്രൈവറ്റ് സ്കൂളിൽ ഇംഗ്ലീഷ് മീഡിയത്തിൽ പഠിച്ച് കഷ്ടിച്ച് ഡിഗ്രി പാസ്സായി മോഹൻ ഒരു പ്രൈവറ്റ് കമ്പനിയിൽ പണം കൊടുത്ത് ജോലി വാങ്ങേ ി വന്നു. വിവാഹവും കഴിച്ചു. വിശ്വേട്ടന്റെ മരണശേഷം അവന്റെ ഭാര്യയ്ക്ക് ഫ്ളാറ്റ് വാങ്ങണമെന്ന ആഗ്രഹം സാധിക്കാനായി കുടുംബ വീട് വിറ്റ് പണം വാങ്ങി തന്നെ ഇവിടെ കൊ ് വിട്ടിട്ട് പോയി. വർഷം ര ് കഴിഞ്ഞു. ഒന്നു ഫോണിലൂടെയെങ്കിലും അമ്മയുടെ വിശേഷം അറിയാൻ അവന് സമയമില്ല.

അത്യധികം ലാളിച്ച് വളർത്തിയ മകൻ ഉപേക്ഷിച്ച് പോയപ്പോൾ അന്യനായി കരുതി വെറുത്തിരുന്നവൻ സംരക്ഷിക്കാനായി വന്ന് വിളിക്കുന്നു. പ ് വിശ്വേട്ടൻ പറയാറുള്ളത് ഓർമ്മ വരുന്നു " ഭാനൂ, നീ ബാലുവിനോട് കാണിക്കുന്ന ചിറ്റമ്മ നയം നല്ലതല്ല. അവന്റെ കുഞ്ഞിക്കാലീ വീട്ടിൽ വന്നതിൽ പ ിന്നെയാണല്ലോ; മക്കളില്ലാതെ വിഷമിച്ചിരുന്ന നീ മോഹനെ പ്രസവിച്ചത്. അത് മറക്ക " താനത് സമ്മതിച്ചു കൊടുക്കാറില്ലായിരുന്നു.

" ചേട്ടാ, അതെത്രയായാലും അന്യന്റെ മക്കൾ അത്രയ്ക്കത്ര തന്നെ. സ്വന്തം രക്തത്തിൽ പിറക്കുന്ന മക്കൾക്കേ അമ്മയും അച്ഛനും എന്ന സ്നേഹമു ാകൂ. അവസാന കാലത്ത് അവരേ നമുക്ക് കാണൂ."

" അങ്ങനെയൊന്നും സ്വപ്നം കാണേ ാ. പുന്നാരിച്ചും അഹോരാത്രം കഷ്ടപ്പെട്ടും വളർത്തി സ്വന്തം കാലിൽ നിൽക്കാറായാൽ, പിന്നെ അവർക്കൊരു കുടുംബവുമായാൽ മാതാപിതാക്കളെയും അനാഥാലയങ്ങളിലാക്കുകയും ഒക്കെ ചെയ്യുന്ന കാലമാണ്. നമ്മുടെ ജീവിത സായാഹ്നത്തിൽ ആര് എപ്പോൾ പ്രയോജനപ്പെടുമെന്ന് ആർക്കും പ്രവചിക്കാനാവില്ല. അതുകൊ ് ആരെയും വേദനിപ്പിക്കാതെ എല്ലാവരെയും ഒരുപോലെ സ്നേഹിക്കുക."

